3. വെങ്ങാനൂർ വില്ലേജിൽ സിസിലിപുരം കാവടിവിളാകത്ത് ചന്ദ്രൻമകൻ രാജീവ് എന്നിവരാണ് പ്രതികൾ.

(സി) 19.6.2000-ൽ കേസ്സിന്റെ ചാർജ് ഷീറ്റ് നെയ്യാറ്റിൻകര ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി III മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

95 (113) വീട് തകർത്തതായി പരാതി

ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നല്കുമോ :

(എ) ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിനെ തുടർന്ന് സെപ്റ്റംബർ 27-ന് ഇരിക്കൂർ പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട ഊരത്തൂരിലെ വിജയൻ എന്നയാളിന്റെ വീട് തകർത്തതായ പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അന്വേഷണത്തിൽ വീടിനും വസ്തുവകകൾക്കും എത്ര രൂപയുടെ നാശനഷ്ടം ഉണ്ടായതായിട്ടാണ് കണക്കാക്കുന്നത്;

(സി) കേസ്സിലെ പ്രതികൾ ആരെല്ലാമാണ് എന്നും കേസ് അന്വേഷിച്ച് എന്ത് തുടർനടപടികൾ സ്വീകരിച്ചുവെന്നും വെളിപ്പെടുത്തുമോ;

(ഡി) ഇതിനുശേഷം ഊരത്തൂർ ഭാഗത്ത് സ്ഫോടകവസ്തുക്കൾ പൊട്ടിച്ച് ആക്രമണം നടത്തിയതായി ആരുടെയെല്ലാം പരാതി ഇരിക്കൂർ പോലീസ് സ്റ്റേഷനിൽ ലഭിച്ചുവെന്നും ഓരോ പരാതിയിലും എന്തു നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(ഇ) നവംബർ 25-ന് നടന്ന രണ്ടാംഘട്ട ജില്ലാ പഞ്ചായത്ത് തെരഞ്ഞെടുപ്പിനെ തുടർന്ന് ഊരത്തൂർ ഭാഗത്ത് സ്ഫോടകവസ്തുക്കൾ പൊട്ടിച്ച് ഭയപ്പെടുത്തുവാൻ ശ്രമിച്ചതായ പരാതി പോലീസിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ പ്രസ്തുത പ്രദേശത്ത് സ്ഫോടകവസ്തുക്കൾ കണ്ടെത്തുവാൻ തെരച്ചിൽ നടത്തിയോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1,75,000/- രൂപയുടെ നഷ്ടം.

(സി) മോഹൻ, കുഞ്ഞിരാമൻ, അനിൽ കുമാർ, മുരളീധരൻ, ബിജു, സജീവൻ, രഞ്ജിത്, പ്രതീപൻ, രാമചന്ദ്രൻ, മനോജ്, ആനന്ദബാബു തുടങ്ങി കണ്ടാലറിയാവുന്ന നൂറോളം പേർ എന്നിവരാണ് പ്രതികൾ. 11 പ്രതികളെ അറസ്റ്റു ചെയ്തു. ടി കേസ് 29-11-2000 തീയതി ചാർജ് ചെയ്തു.

(ഡി) നാരായണൻ എന്നയാളുടെ പരാതി പ്രകാരം ഇരിക്കൂർ പോലീസ് സ്റ്റേഷനിൽ ക്രൈം 179/2000 നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഇ) ഇല്ല.

(എഫ്) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly